**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5950** **09-07-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി. വി. അൻവർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. കൗൺസിലിന്റെ രൂപീകരണത്തിന് ശേഷം സംസ്ഥാനവുമായി ബന്ധപ്പെട്ടതോ പൊതുവായതോ ആയ ഏതൊക്കെ പ്രശ്നങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | വാറ്റ് നിയമത്തിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി.യിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തിന് മാത്രമായി അധികാരമില്ല. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജി.എസ്.ടി. കൗൺസിൽ ആണ്. ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ശക്തമായി വാദിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിനായി സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ച വിഷയങ്ങൾ അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിലിന്റെ അനുകൂല തീരുമാനമുണ്ടായവ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | ജി.എസ്.ടി. കൗൺസിലിന്റെ അനുകൂല തീരുമാനമുണ്ടായ വിഷയങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (സി) | നികുതി വരുമാന നഷ്ടപരിഹാര സെസ്സ് ഇനത്തിൽ കേന്ദ്രം നിലവിലും നികുതി പിരിക്കുന്ന സാഹചര്യത്തിൽ അത് സംസ്ഥാനങ്ങൾക്കുകൂടി അനുവദിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാര സെസ് പിരിവ് കേന്ദ്രം തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം തുടരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് അനുകൂലമായ നിലപാട് ഇതുവരെയും കേന്ദ്രം സ്വീകരിച്ചിട്ടില്ല. |
| (ഡി) | അവസാനമായി ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാനത്തിന് ഗുണകരമായ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | 2024 ജൂൺ 22-ന് ചേർന്ന അമ്പത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ജി.എസ്.ടി. നിയമങ്ങളിലും ചട്ടങ്ങളിലും നിരവധി ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങളിൽ ഒന്നായിരുന്ന വ്യാജ രജിസ്ട്രേഷൻ തടയുന്നതിനായി രജിസ്ട്രേഷൻ നടപടികൾ കുറ്റമറ്റതാക്കുക എന്നതിനുവേണ്ടി രജിസ്ട്രേഷന് ആധാർ അടിസ്ഥാനത്തിലുള്ള ബയോമെട്രിക് ഓതെന്റിക്കേഷൻ നിർബന്ധമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | തരത്തിൽ നിയമത്തിൽ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ഇ-കോമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഐ.ജി.എസ്.ടി. ലഭ്യത ഉറപ്പുവരുത്തുവാനായി ഇ-കോമേഴ്സ് പോർട്ടൽ വഴിയുള്ള എല്ലാ സെയിലുകളും സംസ്ഥാനം തിരിച്ച് റിട്ടേണിൽ രേഖപ്പെടുത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ മുമ്പാകെ കേരളം സമർപ്പിച്ച നിർദ്ദേശം കൗൺസിൽ അംഗീകരിക്കുകയും ഇ-കോമേഴ്സ് ടാക്സ് പെയേഴ്സ് നൽകുന്ന ജി.എസ്.ടി.ആർ. 8 റിട്ടേൺ ഭേദഗതി അംഗീകരിക്കുകയും ചെയ്തു. കൂടാതെ, ജി.എസ്.ടി.ആർ. 3B, ജി.എസ്.ടി. ആർ 1 റിട്ടേണുകൾ തമ്മിലുള്ള വ്യത്യാസവും അതിലൂടെയുള്ള നികുതി നഷ്ടവും കേസുകളും ഒഴിവാക്കുന്നതിനുള്ള നടപടികളും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.<br><br>റിട്ടേണിൽ ഇൻവോയ്സ് വൈസ് ഉൾപ്പെടുത്തേണ്ട B to C സപ്ലൈകളുടെ പരിധി രണ്ടര ലക്ഷത്തിൽ നിന്നും ഒരു ലക്ഷമായി കുറയ്ക്കുവാൻ തീരുമാനിച്ചു.<br><br>2017-2018 മുതൽ 2019-2020 വരെയുള്ള സാമ്പത്തിക വർഷങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് 73 പ്രകാരമുള്ള ഡിമാന്റുകളിൽ പലിശയും പിഴയും ഒഴിവാക്കുന്നതും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നേരത്തെതന്നെ തുക ഉള്ള നികുതിദായകർക്ക് റിട്ടേൺ ഫയലിംഗ് താമസിക്കുന്നതുമൂലമുള്ള പലിശ ഒഴിവാക്കുന്നതും അടക്കമുള്ള, നികുതിദായകർക്ക് ഗുണകരമാകുന്ന നിരവധി ആനുകൂല്യങ്ങളും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**(അനുബന്ധം-1)**

| ക്രമ നമ്പർ | സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ച വിഷയങ്ങൾ |
|---|---|
| 1 | ടൂറിസം മേഖലയിലെ നികുതി കേരളത്തിന് ലഭ്യമാക്കുക. |
| 2 | സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. കോമ്പൻസേഷൻ തുടരുക. |
| 3 | കേന്ദ്ര സംസ്ഥാന ജി.എസ്.ടി. വിതരണ അനുപാതം 50:50 എന്നതിന് പകരം സംസ്ഥാനങ്ങൾക്ക് ഗുണകരമാകുന്ന തരത്തിൽ 40: 60 ആക്കുക. |
| 4 | വ്യാജ രജിസ്ട്രേഷൻ തടയുന്നതിനായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ കുറ്റമറ്റതാക്കുക. |
| 5 | ഐ.ജി.എസ്.ടി. വിഹിതം സംസ്ഥാനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. അതിനു വേണ്ട നടപടികൾ സ്വീകരിക്കുക. |
| 6 | ജി.എസ്.ടി. യുടെ തുടക്കത്തിൽ ഉണ്ടായ പ്രശ്നങ്ങൾ മൂലം നികുതിദായകർക്ക് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുക. |
| 7 | വെളിച്ചെണ്ണയുടെ നികുതി വർദ്ധനവ് ഒഴിവാക്കുക. |
| 8 | കയർ പിത്ത് കമ്പോസ്റ്റ്, കാർഷിക ഉപകരണങ്ങൾ, വളം, കാർഷിക രംഗവുമായി ബന്ധപ്പെട്ട സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ നികുതി ഒഴിവാക്കുക. |
| 9 | ജീവൻ രക്ഷാ മരുന്നുകളുടെ നികുതി ഒഴിവാക്കുക. |
| 10 | കോക്ലിയർ ഇംപ്ലാന്റിന്റെ നികുതി ഒഴിവാക്കുക. |
| 11 | എയർ കണ്ടീഷൻഡ് കോൺട്രാക്ട് കാര്യേജ്ജിന്റെ നികുതി ഒഴിവാക്കുക. |
| 12 | പെരിട്ടോണിയൽ ഡയാലിസിസിനുപയോഗിക്കുന്ന സൊല്യൂഷൻ മരുന്നുകൾ എന്നിവയുടെ നികുതി കുറയ്ക്കുക. |
| 13 | സിനിമാ മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനായി ടിക്കറ്റുകളുടെ നികുതി കുറയ്ക്കുക. |
| 14 | പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് നഷ്ടപ്പെടുന്നതോ ഉപയോഗയോഗ്യമല്ലാത്തതോ ആയ ചരക്കുകളുടെ ഇൻപുട്ട് ടാക്സ് നഷ്ടപ്പെടുന്നതിൽ വ്യക്തത വരുത്തുക. |
| 15 | ചെരുപ്പ് വ്യാപാര മേഖലയിലെ ഇൻവർട്ടഡ് ഡ്യൂട്ടി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുന്നതിനായി ചെരുപ്പിന്റെയും ചെരുപ്പ് നിർമ്മിക്കുവാനുപയോഗിക്കുന്ന അസംസ്കൃത ഉൽപന്നങ്ങളുടെയും വില ഏകീകരിക്കുക. |
| 16 | സ്വർണം, മറ്റു വിലകൂടിയ രത്നങ്ങൾ എന്നിവയുടെ ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തുക. |
| 17 | ഇ-ഇൻവോയിസിങ്-ന്റെ പരിധി കുറച്ചുകൊണ്ട് വരിക |

**സെക്ഷൻ ഓഫീസർ**

**(അനുബന്ധം-2)**

| ക്രമ നമ്പർ | ജി.എസ്.ടി. കൗൺസിലിന്റെ അനുകൂല തീരുമാനമുണ്ടായ വിഷയങ്ങൾ |
|---|---|
| 1 | ടൂറിസം മേഖലയിലെ നികുതി കേരളത്തിന് ലഭ്യമാക്കുക. |
| 2 | വ്യാജ രജിസ്ട്രേഷൻ തടയുന്നതിനായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ കുറ്റമറ്റതാക്കുക. |
| 3 | ഐ.ജി.എസ്.ടി. വിഹിതം സംസ്ഥാനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അതിനുവേണ്ട നടപടികൾ സ്വീകരിക്കുക. |
| 4 | ജി.എസ്.ടി. യുടെ തുടക്കത്തിൽ ഉണ്ടായ പ്രശ്നങ്ങൾ മൂലം നികുതിദായകർക്ക് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിക്കുക. |
| 5 | വെളിച്ചെണ്ണയുടെ നികുതി വർദ്ധനവ് ഒഴിവാക്കുക. |
| 6 | കയർ പിത്ത് കമ്പോസ്റ്റ്, കാർഷിക ഉപകരണങ്ങൾ, വളം, കാർഷിക രംഗവുമായി ബന്ധപ്പെട്ട സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ നികുതി ഒഴിവാക്കുക. |
| 7 | ജീവൻ രക്ഷാ മരുന്നുകളുടെ നികുതി ഒഴിവാക്കുക. |
| 8 | സിനിമാ മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനായി ടിക്കറ്റുകളുടെ നികുതി കുറയ്ക്കുക. |
| 9 | ചെരുപ്പ് വ്യാപാര മേഖലയിലെ ഇൻവർട്ടഡ് ഡ്യൂട്ടി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുന്നതിനായി ചെരുപ്പിന്റെയും ചെരുപ്പ് നിർമ്മിക്കുവാനുപയോഗിക്കുന്ന അസംസ്കൃത ഉൽപന്നങ്ങളുടെയും വില ഏകീകരിക്കുക. |
| 10 | സ്വർണം, മറ്റു വിലകൂടിയ രത്നങ്ങൾ എന്നിവയുടെ ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തുക |
| 11 | ഇ-ഇൻവോയിസിങ്-ന്റെ പരിധി കുറച്ചുകൊണ്ടുവരിക. |

**സെക്ഷൻ ഓഫീസർ**